


**റിപബ്ലിക്കൻ വി എച്ച് എസ് എസ്  കോന്നി**

# എന്റെ വിദ്യാലയം




പ്രകൃതി മനോഹരമായ കോന്നിയുടെ ഹൃദയഭഗത്ത് പ്രശാന്തമായ കുന്നിൻ ചെരുവിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ പാവന നാമധേയവുമാണ് റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതിച്ചെയ്യുന്നത് . സ്കൂളിന്റെ ആരംഭകാലത്ത്കല്ലറേത്ത് ശ്രീ . എൻ . രാമൻ പിള്ളയും തുടർന്ന് കല്ലറേത്ത്ശ്രീ. ആർ . മാധവൻ പിള്ളയും മാനേജർ സ്ഥാനം വഹിച്ചിരുന്നു. പിന്നീട് 1978 മുതൽ അദ്ദേഹത്തിന്റെ മകൻ ശ്രീ . എൻ . കെ നരേന്ദ്രനാഥ് മാനേജർ ആയി പ്രവർത്തിക്കുന്നു.2003 ആദ്യ മാനേജരായിരുന്ന കല്ലറേത്ത് ശ്രീ.കെ.ആർ മാധൻ പിള്ളയുടെ ആറ് മക്കൾ ചേർന്ന് കോന്നി റിപ്പബിളിക്കൻ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾട്രസറ്റ് രജിസ്റ്റർ ചെയ്യുകയും സ്കൂളുകളുടെ പ്രവർത്തനം ട്രസ്റ്റിന്റെ മേൽനോട്ടത്തിൽ നടത്തി വരികയും ചെയ്യുന്നു.

# പ്രണാമം...



# Late. Shri Kallarethu Madhavan Pillai





# ചെറു പട്ടങ്ങൾ തൻ ലോകം.....

**കാറ്റത്ത് പട്ടങ്ങൾ പറക്കുന്നത് കാണാൻ എന്തു രസമാണ്! കാറ്റിന്റെ സഹായത്താൽ അവ ഉയരങ്ങളിലേക്ക് പറക്കും. നിയന്ത്രണം നഷ്ടപെടാതെയും ചരട് പൊട്ടിപ്പോകാതെയും അവയെ താഴെ നിന്ന് പറപ്പിക്കുന്ന ആളിന് ഉണ്ടാകുന്ന സന്തോഷവും അഭിമാനവും പറഞ്ഞറിയിക്കാൻ പറ്റാത്തതായിരിക്കും.**

**കുട്ടികളുടെ മനസ്സും അവരുടെ കഴിവുകളും പട്ടം പോലെയാണ്. കാറ്റിന്റെ ഗതിക്കനുസരിച്ച് പട്ടം ഉയരങ്ങളിലേക്ക് പോകുന്നതുപോലെ, നല്ല അധ്യാപകരും മികച്ച ശിക്ഷണവും കുഞ്ഞു പ്രതിഭകളെ വലിയ ഉയരങ്ങളില്ലെത്തിക്കും. ഇപ്പോഴത്തെ ഡിജിറ്റൽ യുഗത്തിൽ വിവര സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തികൊണ്ട് കുട്ടികളിലെ കലാപരവും സാഹിത്യപരവുമായ കഴിവുകളെ**

പരിപോഷിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് രൂപം കൊടുത്ത ലിറ്റിൽ കൈറ്റസിന്റെ ഭാഗമായി , കുട്ടികളിലെ സർഗാത്മകത പ്രദർശിപ്പിക്കുവാനൊരുവസരം എന്ന നിലയിലാണ് ഈ മാഗസീൻ ഞങ്ങളൊരുക്കുന്നത് .വിവര വിനിമയ സാങ്കേതിക വിദ്യയുടെചിറകിൻ കീഴിൽ കുട്ടികളുടെ കലാസാഹിത്യ സൃഷ്ടികളെ ഓരോചട്ടക്കൂട്ടുകൾക്കുള്ളിലാക്കി ആസ്വാദനത്തിന് കൂടുതൽ മിഴിവേകുന്ന തരത്തിൽ  ഒരുക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.സൃഷ്ട്ടികളെ, ഭാവനകളെ ,ചിത്രങ്ങളെ ഫ്രെയിം ചെയ്ത് സൂക്ഷിക്കും പോലെ കുട്ടികളുടെസൃഷ്ടികളെ ഓരോ ഫ്രെയിമുകളാക്കി അവതരിപ്പിക്കുകയാണ്  ഫ്രെയിംസ് എന്ന ഡിജിറ്റൽ മാഗസീനിലൂടെ......



**ശ്രീപതി.പി, IX-F**

**(Student Editor )**

# നിർവാഹക സമിതി

**ചീഫ് എഡിറ്റർ :** ശശികല. വി. നായർ

(പ്രധാന അധ്യാപിക)

**സ്റ്റുഡന്റ് എഡിറ്റർ:** ശ്രീപതി. പി

(IX-F)

**സ്റ്റാഫ് എഡിറ്റർ:**


ആർ. ശ്രീകുമാർ (മലയാളം അധ്യാപകൻ)

ബിന്ദു കുമാരി എൻ. ജി (എസ്.ഐ.ടി.സി)

**ഉപദേശക സമിതി:**

ശ്രീജ. എസ് (കൈറ്റ് മിസ്ട്രസ്)

അപ്സര പി ഉല്ലാസ്(കൈറ്റ് മിസ്ട്രസ്)





## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

- സുപ്രിയ എസ്
- ശിവേന്ദു പി
- സോബി റ്റി തോമസ്
- നിമ സാറാ വർഗ്ഗീസ്
- അലൻ ബി
- അഞ്ജിത അനിൽ
- ഗോകുൽ എസ്
- അശ്വിൻ എസ് നായർ

## കവർപേജ് ഡിസൈനിങ്

- അലിന മറിയം വർഗ്ഗീസ്
- ശ്രീപതി. പി

# സന്ദേശം



വിവര സാങ്കേതിക വിദ്യയുടെ ചിറകിൽ ലോകം പരിവർത്തനങ്ങളുടെ പാതയിൽ എത്തി നിൽക്കുന്നു . ക്ലാസ്സ് മുറിയുടെയും ബോധനരീതികളുടെയും മാറ്റങ്ങൾ പഠനസമ്പ്രദായങ്ങളെ മാറ്റി മറിച്ചിരിക്കുന്ന ഈ അവസരത്തിൽ ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധമായ ഭാവുകങ്ങളും നേരുന്നു.

എന്ന്

ആശംസകളോടെ

**ശശികല . വി . നായർ**

**(ഹെഡ്മിസ്ട്രസ്)**

# Our Manager



## ആശംസ

**വിവര സാങ്കേതിക വിദ്യാരംഗത്ത് കുട്ടികളുടെ കഴിവും അഭിരുചിയും വർദ്ധിപ്പിക്കുന്നതിന് ഐ.ടി.ക്ലബിന്റെ ഭാഗമായി രൂപീകരിച്ച "ലിറ്റിൽ കൈറ്റ്സ്"അംഗങ്ങൾ തയാറാക്കുന്ന ഡിജിറ്റൽ മാഗസീന് എല്ലാവിധമായ ആശംസകങ്ങളും നേരുന്നു**

**Manager**

**Prof.M.K.Narendranath**

## <u>ആശംസ</u>



പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് ഐ.ടി മേഖല
പരിചയമാക്കുന്നതിനായി രൂപീകരിച്ച ലിറ്റിൽ
കൈറ്റ്സിന്റെ "**ഫ്രെയിംസ്**"
എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ
ആശംസകളും നേരുന്നു

Rtd.Headmaster
M.K. Ravindranath

# ആശംസ




പഠനത്തിനോടൊപ്പം നൂതനസാങ്കേതിക വിദ്യയിലും കുട്ടികളെ പ്രാപ്തരാക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ "**ഫ്രെയിംസ്**" ന് എല്ലാ ആശംസകളും.

Management Representative

S Santhosh Kumar

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2019-2020





*frames*

## ഫ്രെയിമുകളിലൂടെ....


മാതൃത്വം.........................................14

മഴ.........................................15

മിന്നുന്ന വനതാരാകുന്ന മഴ.........................................15

പ്രപഞ്ചം പ്രപഞ്ചജീവജാല സസ്യങ്ങളെ ഉണരു.........................................16

ഉൾക്കണ്ണട.........................................17

അസമയം.........................................18

തട്ടിയെടുത്തതാര് ?.........................................19

അമ്പാടികണ്ണൻ.........................................20

മഴയുടെ പാട്ട്.........................................21

അമ്മ അന്ന സജി.........................................24

നിർവൃതി.........................................25

നരച്ച ഭൂപടങ്ങൾ.........................................26

കഥകൾ.........................................27

കോഴിയെ കടിച്ച് പല്ല് പോയപരുന്തുകൾ.........................................28

അമ്മ എന്ന ദൈവം.........................................30

.........................................30

ബുദ്ധിമാനായ മന്ത്രി.........................................32

മുയൽ പഠിച്ച പാഠം.........................................33

കുന്നിക്കുരുവും മഞ്ചാടിയും.........................................35

തത്തയും പൂച്ചയും.........................................37

The Naughty Bear.........................................39

.........................................40

Dead man walking.........................................40

A P J ABDUL KA LAM.........................................42

തിരക്കഥ.........................................44

കടങ്കഥകൾ.........................................47

QUOTES.........................................48

ചിത്രങ്ങൾ.........................................51

PENCIL DRAWING.........................................53

സയൻസ് ക്ലബ്- LED നിർമ്മാണം.........................................56

നന്ദി.........................................57

# കവിതകൾ

''പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന നൈസർഗീകമായ വികാരങ്ങളുടെ അനർഗള പ്രവാഹമാണ് കവിത''

-വില്യം വേർഡ്സ് വർത്ത്

# മാതൃത്വം



**ALAN.B.KOSHY**

IX-G

കുരുന്നായി വളർന്ന അന്തരത്തിൽ
കുഞ്ഞായി പിറന്ന ഈ ഭൂമിയിൽ
ആരെന്ന് അറിയാത്തപ്രായത്തിൽ
ആദ്യം കാണുന്നത് അമ്മയത്രേ

അമ്മിഞ്ഞപ്പാലിൻ രുചി നുണഞ്ഞു
അമ്മതൻ മടിയിൽ തലചായിച്ച് ഉറങ്ങിയും
അമ്മതൻ വാക്കിൽ സ്നേഹത്തിൽ ലാളന
അമ്മയോട് ഒത്തുള്ള ജീവിതം സുന്ദരം

കുഞ്ഞ് വളർന്ന വലുതായി വന്നാലും
അമ്മയ്ക്ക് ആ കുട്ടി കുഞ്ഞായി മാത്രം
എന്നെന്നും സ്നേഹവും ലാളനയും
നിത്യവും തന്നു വളർത്തിടുന്നു.......



# മഴ



**AISWARYA.B.NAIR**

**6C**

മിന്നുന്ന വനതാരാകുന്ന മഴ
മേഘലത്തുട്ടുകളുടെ ഇടയിൽനിന്നും
പൊഴിഞ്ഞുവീഴുന്ന പവിഴചെറുമുത്തുകൾ
പതിക്കുന്നു മണ്ണിൽ വിണ്ണിൽനിന്ന്
ചെറുതുള്ളികൾ പതിക്കുന്നു
അതിലൊരു ഉപരിഭാഗമാകുവാൻ
മഴയുടെ കുളിരിൽ എൻ മനം കുളിരുന്നിതാ
മഴയെന്നാൽ ഒരത്ഭുതമാകുന്നിതാ
അത്ഭുതമാകുന്നിതാ....
മിന്നുന്ന മനതാരാകുന്ന മഴ
മിന്നുന്ന മനതാരാകുന്ന മഴ...



# പ്രപഞ്ചം

പ്രപഞ്ചജീവജാല സസ്യങ്ങളെ ഉണരൂ....

നീ ഉണരൂ..... പ്രപഞ്ചജീവജാല സസ്യങ്ങളെ- ഉണരൂ......

നീ ഉണരൂ പ്രപഞ്ചഗോപുരം തുറക്കുന്നതാ....

നിങ്ങൾക്കു വേണ്ടി തുറക്കന്നിതാ.....

ആണ്ടിലും വർഷത്തിലും പൂക്കുന്ന

പൂവുകളെ സ്വാഗതം നിങ്ങൾക്ക് സ്വാഗതം

ഓരായിരം സ്വാഗതം ഇന്നോനാളയോ പറഞ്ഞു.





**SOBI.T.THOMAS**

**X-F**

# ഉൾക്കണ്ണട

തന്റെ കൂടെ ചേർന്നു നിൽക്കുന്നവർക്കും
ജീവിതത്തന്റെ സ്വപ്നങ്ങൾക്കും
അത്ര വെളിച്ചം പോരായെന്നു
തോന്നിത്തുടങ്ങിയെന്നാൽ
മനസിന്റെ കാഴ്ച സ്വയം പരിശോധിച്ച
വേണ്ടിവന്നാൽ
ശക്തികൂടിയ സ്നേഹത്തിന്റെയുൾക്കണ്ണട
വച്ചതിലൂടെ നോക്കിക്കാണുക.....



**ANCHITHA ANIL**

**IX-G**

# അസമയം

ഏതാണ് ആ സമയം
എന്ന ചോദ്യമാണ് നിങ്ങളോട് ചോദിച്ചതും
ചോദിച്ചുകൊണ്ടേയിരുന്നതും...
പെണ്ണായ് പിറന്നവൾ
ചോദ്യങ്ങൾ ചോദിക്കുന്നുവോ
എന്ന ഭാവത്തോടെ
തെല്ലകലെ സദാചാര സംരക്ഷകർ
നിലയുറപ്പിച്ചിരുന്നു.
ആണിനും പെണ്ണിനും
ഒരുപോലെയുള്ള ആ സമയം,
പെണ്ണിനുമാത്രം
അസമയമായതെങ്ങനെ...?
പെൺവിലക്കിൽ
പെരുമകാട്ടുന്ന നാട്ടിലെ
അടക്കംപറച്ചിലുകളും,
മുള്ളിന്റെ മൂർച്ചയാൽ മുറിവേറ്റ
ഇലകളുടെ രോദനവും
ഇനിയൊരു പഴങ്കഥയായ് മാറണം...
അസമയമെന്ന ഇല്ലാത്ത സമയം
നമുക്ക് സമ്മാനിച്ച
മനസ്സിലെ ദുഷിച്ച ചിന്തകളുടെ ഘടികാരസൂചികൾ
പുറകോട്ട് തിരിയട്ടെ...
അസമയമാകുന്ന
അന്ധകാരത്തെ സ്പർശിച്ച്,
പെൺപെരുമയുടെ
പുലരികൾ തെളിയട്ടെ...

പ്രമോദ് കുമാർ ടി. ,
ളാക്കൂർ.
9447090288





അദ്ധ്യാപകൻ

# തട്ടിയെടുത്തതാര് ?



**നന്ദന ജയകുമാർ**

ആരുമില്ലിന്നിവിടെ ആരുമില്ലിന്നിവിടെ
ആരുമില്ലിന്നിവിടെ ആരുമില്ല...
പച്ചതൻ പാവാട ചാർത്തിയ ഞാനിന്ന്
നഗ്നനായി സ്വയം നിന്നിടുന്നു.
എൻ പച്ചകുപ്പായം തട്ടിയെടുത്തൊരാ നീചൻ
എന്നെ തന്നെ ചവിട്ടിമെതിക്കുന്നു.
കാഞ്ചനസംഗീതം മീട്ടുമെൻ
വീണകൾ തൻ നാദവുമവർ കവർന്നെടുത്തു
ദാഹമടക്കാൻ എനിക്കുതന്നോരാ പുഴകൾ
തൻ ഓർമ്മകൾ മാത്രം ഇന്നെനിക്ക്.
എവിടെയെൻ ഗ്രാമങ്ങളെവിടെയെൻ ഗീതങ്ങൾ
എവിടെയെൻ സുതാര്യമാം സൗന്ദര്യങ്ങൾ
കൂണപോൽ മുളച്ചൊരാ നഗരത്തിലെ ഫ്ലാറ്റിലുണ്ടെൻ
കുപ്പായമെന്നാരോ പറഞ്ഞത് കേട്ട് ഞാൻ ചെന്നു നോക്കി
എങ്ങനെ ഞാൻ വെല്ലും
എങ്ങനെ ഞാൻ മറക്കും
എൻ പ്രിയ മക്കൾ തന്നവസ്ഥം കണ്ട്
പൊട്ടിമുളയ്ക്കുന്ന ക്യാൻസർ വാർഡിലെ
കിടക്കകൾ തൻ അവസ്ഥ കണ്ടാൽ.

# അമ്പാടികണ്ണൻ



AISWARYA.B.NAIR ViiC

അമ്പാടിക്കുഴലൂതി അമ്പോറ്റി മുഖത്തോടെ
കണ്ണിൽ നെട്ടതായി ഐശ്വര്യം തുളുമ്പിനിൽക്കുന്നൊരു വക്ത്രം
കണ്ടാൽകൊതിക്കും ആ വക്ത്രം
കണ്ണനെകാൺമതിൻ അതിൽപരമില്ലത്ര
സന്തോഷം എൻമുമ്പിൽ
വന്നാഗതനാകൂ കണ്ണാ എൻെറ കാർമുകിൽവർണ്ണാ
കാർമുകിൽവർണ്ണാ
കൃഷ്ണാ എൻ കണ്ണിലെകൃഷ്ണമണിയാകുന്നു നീ
കൃഷ്ണാ,എൻ മനസിലെ താമരപ്പൂവാകുന്നു നീ കൃഷ്ണ
എൻ മനസിലെ കള്ളനാകുന്നു നീ കൃഷ്ണാ ......
എൻ അമ്പാടി കൃഷ്ണാ എൻ കണ്ണാ .......എൻ കണ്ണാ....

* * *



# മഴയുടെ പാട്ട്



**MEENASHI.S**
**IX-B**

വെള്ളിനൂലുപോൽ ഞാനിങ്ങുപെയ്തിറങ്ങുമ്പോൾ
കുന്നുകൾ പൂവുകൾ എല്ലാം ചിരിക്കുന്നു.
ഇടിയോടുകൂടിത്താൻ പെയ്തിറങ്ങുന്നു,
മഴവില്ലുകാട്ടിഞാൻ പോയ്മറയുന്നു.
താപത്തെ കൊന്നുഞാൻ,
പാരിൻ ദാഹം ശമിപ്പിക്കുന്നു.
കടലിൻ നെടുവീർപ്പായ്, സ്വർഗത്തിൻ കണ്ണീരായ്
ഞാൻ പെയ്തിറങ്ങുമ്പോൾ
വികാരസാന്ദ്രമായി നിങ്ങളെന്നെ
ആസ്വദിക്കുന്നു.
നിങ്ങൾ ചിരിക്കുമ്പോൾ
ഞാനും ചിരിക്കുന്നു.
ഈ കേൾക്കുന്ന ശബ്ദം എന്തെന്നറിയുമോ?
എന്റെ പാട്ടാണു നിങ്ങളീ കേൾക്കുന്ന ശബ്ദം.
വികാരസാന്ദ്രമായി നിങ്ങളെന്നെ
ആസ്വദിക്കുമ്പോൾ,
ഓർമകളുടെ അവസാനമില്ലാത്ത കണ്ണുനീരായി
ഞാനിനിയും നിങ്ങൾക്കായ് പെയ്തിറങ്ങാം...

* * * * * *



# ചെമ്പനീർ പുഷ്പം

Meenashi.S
IX-B

ഒരു ചെമ്പനീർ പുഷ്പമായി നീ വിടർന്നപ്പോൾ
നിൻ മനോഹാരിത കാണാൻ കഴിഞ്ഞില്ല,
നിൻ സുഗന്ധം ശ്വസിക്കാൻ കഴിഞ്ഞില്ല,
നിന്നെ തഴുകാൻ കരങ്ങൾ ചലിച്ചില്ല.

തൈത്തെന്നൽ നിന്നെ തഴുകി
നിൻ ദളങ്ങൾ പൊഴിച്ചപ്പോൾ
മോഹിച്ചു പോയി ഞാൻ
നിൻ വശ്യമാം രൂപമെന്നുകാണാൻ

തെന്നൽ പൊഴിച്ച നിൻ ദളങ്ങളി_
ന്നെന്റെ നെഞ്ചിൽ പതിച്ച് മുറിവേറ്റിരിക്കുന്നു.
ഇന്നെന്റെയുള്ളം നിനക്കായ് വിതുമ്പുന്നു
ചെമ്പനീർ പുഷ്പമേ.....

ചേതന നഷ്ടമായ് നീ താഴെ പതിച്ചപ്പോൾ
ആകുലമായി ഞാൻ നിന്നു പോയി.

ജീവസ്സറ്റ നിൻ ദളങ്ങൾ
വാരിയെടുത്തു ഞാൻ തേങ്ങിക്കരഞ്ഞു.

അമ്മേടെ മാറിൽ മയങ്ങാൻ കിടന്നാലും
നിൻ ഓർമ്മകൾ ഓടിയെത്തുന്നു.
പൂന്തോട്ടമാകുന്ന എൻ ഹൃത്തടത്തിൽ
നീ എന്നും വിടരുന്ന ചെമ്പനീർ പുഷ്പം

തീരാത്ത ദുഃഖമായ് ഓർമയായ് നീ
ഒരു നാളും അണയാത്ത തി നാള-
മായ്
നിത്യവും എന്റെ നെഞ്ചകത്തിൽ
കത്തിജ്ജ്വലിക്കുന്നു നീ ചെമ്പനീർ
പുഷ്പമേ...



# അമ്മ

അന്ന സജി

10 F



ഒരു നിമിഷം പോര എനിക്കെൻ അമ്മയെ ഓർക്കാൻ
ഒരു ജന്മം പോര എനിക്കെൻ അമ്മയോടൊത്തു ജീവിക്കാൻ
മനസ്സിന്റെ ആഴമേറിയ അറകളിൽ എന്നും അമ്മ ചിതറികിടക്കുന്ന
ചിന്തയായി നിന്റെ പുഞ്ചിരിയൊന്നു മാത്രം
ജീവിതത്തിന്റെ കാണാക്കയങ്ങളിൽ ആഴ്ന്ന പോകുമ്പോൾ
നിൻ കരങ്ങളിലെ സുരക്ഷിതത്തേക്കാൾമറ്റൊന്നുമില്ല
ഒരു കെടാവിളക്കുപോൽ നീ മനസ്സിൽ പ്രകാശിച്ചു
അപ്പോൾ മിന്നൽ പോലെ തെളിയുന്നെൻ ആശകൾ
വിളിച്ചാൽ വിളി കേൾക്കുന്ന കരത്താൽ കണ്ണീർ തുടയ്ക്കുന്ന
ഒരു കെടാവിളക്കാണമ്മ...



# നിർവൃതി



അനാഥമന്ദിരത്തിലെയമ്മ ആർക്കോ വേണ്ടി കാക്കുന്നു
ആരും വരാത്ത വീഥികളിൽ
ആ, മിഴികൾ പാകിയിരിക്കുന്നു.
ആരാധനകൾ,അർച്ചനകൾ അവർക്കുവേണ്ടി
നടത്തുന്നു.
അവരുടെ പാതയിൽ പൂക്കൾ വിടരാൻ അമ്മ
നൊയമ്പുകൾ നോക്കുന്നു
അവരുടെ സ്വന്തം മക്കൾക്കായി
അമ്മ മാനസമുരുക്കുന്നു.
ആറടി മണ്ണിലൊതുങ്ങും മുമ്പേ അവരെ
കാണാനുഴറുന്നു.
അന്നൊരു നാളിൽ താരകമായി
അമ്മ വിണ്ണിലുദിക്കുന്നു.
അങ്ങനെ മക്കളെയെല്ലാം കണ്ട
അമ്മ നിർവൃതിനുകരുന്നു.

**അഞ്ചിത അനിൽ**

**IX-G**



# നരച്ച ഭൂപടങ്ങൾ



***അഞ്ജിത അനിൽ***

***IX-G***

മൺഭിത്തികളിലേക്ക്  ഒരലിവുമില്ലാതെ
ഒലിച്ചിറങ്ങി മഴച്ചാറു  വരയ്ക്കുന്ന
നരച്ച ഭൂപടങ്ങൾക്ക്
മഴയിരമ്പൽ പോലെ വിളിച്ചു പറയാനുള്ളത്
ഋതുഭേദങ്ങളേതുമല്ലാത്ത ദുരിത വാഴ്വുകളേക്കുറിച്ചുമാത്രം.


ചില ചുവരുകളങ്ങനെയാണ് നരച്ച ഭൂപടങ്ങൾ
വരയ്ക്കുവാൻ മാത്രമുള്ള ചിരകാല സ്മാരകങ്ങൾ.
ചുവരുകളിൽപ്പടരുന്ന ചിതൽ വരകളിൽ
ഛായാചിത്രങ്ങളെല്ലാം ദ്രവിച്ചു തീരുംപോലെ
നന്മയുടെ നിറങ്ങളെല്ലാം നമുക്കന്യമാകുമ്പോൾ
മേൽക്കൂര ചോരുന്ന വീടുകൾ ഇനിയുമേറെയുണ്ടാവും...



# കഥകൾ

"കഥ എന്റെ ഹൃദയത്തിലാണ് മുളയ്ക്കുന്നത്. കിളിർക്കുന്നതും പടരുന്നതും പൂത്തുകയറുന്നതും എന്റെ ഹൃദയത്തിൽ തന്നെ"

-എം.ടി



*frames*

# കോഴിയെ കടിച്ച് പല്ല് പോയപരുന്തുകൾ

ഒരിടത്തൊരിടത്ത് അത്യാഗ്രഹിയായ പരുന്തുകൾഉണ്ടായിരുന്നു.

എവിടെ നോക്കിയാലും ആ നാട്ടിൽ കോഴികളെ ഉണ്ടായിരുന്നുള്ളൂ .


അതുകൊണ്ട് പരുന്തുകളും കുറെ ഉണ്ടായിരുന്നു. ഈ പരുന്തുകൾ അത്യാഗ്രഹിയായിരുന്നു. അതുകൊണ്ട് ഒരുദിവസംതന്നെ ഈ പരുന്തുകൾ നൂറുകണക്കിന് കോഴികളെ കഴിക്കാറുണ്ടായിരുന്നു. ഈ കാര്യം നാട്ടുകാർക്ക് അറിയില്ലായിരുന്നു. നാട്ടുകാരുടെ വിചാരം കോഴികൾ വേറെ എവിടെയോ പോവുകയാണെന്നാണ്. ഇങ്ങനെയെല്ലാദിവസവും നടക്കുമ്പോൾ നാട്ടുകാർക്ക്

സംശയം തോന്നി. ഇങ്ങനെയൊരു പ്രശ്നമുണ്ടെന്ന് അവർ മേയറിന് കത്തയച്ചു.

മേയർ ഇക്കര്യം അറിഞ്ഞതിനു ശേഷം നാട്ടുകാരെയെല്ലാം വിളിച്ച് ഒരു മീറ്റിംഗ് നടത്തി. ഈ കോഴികൾ എവിടെ പോകുന്നു? ആസമയം പുറത്ത് ഒരു ശബ്ദം കേട്ടു. കോഴികൾ അലയ്ക്കുന്നതുപോലെ. അവർ ഓടിച്ചെന്നു നോക്കുമ്പോൾ പരുന്തുകൾ കോഴികളെ കഴിക്കുന്നു. അവർ പരുന്തുകളെ കല്ല് എറിഞ്ഞ് ഓടിച്ചു

കുറച്ചു ദിവസങ്ങൾക്ക് ശേഷം


കുറച്ചു ദിവസം കഴിഞ്ഞപ്പോൾ വീണ്ടും ഒരു മീറ്റിംഗ് വച്ചു . കോഴിത്തീറ്റൻ പരുന്തിനെ



*frames*

എങ്ങനെ ഒടിക്കാം? പലരും പല ഉപായം പറഞ്ഞു അതൊന്നും നടന്നില്ല. അപ്പോൾ

മെയറിനെ ഒരു ബുദ്ധിതോന്നി നമുക്ക് ഒരു വലിയ കോഴിയുടെ ശിൽപം



പണിയണം

അപ്പോൾ നാട്ടുകാർ ചോദിച്ചു , "ശിൽപം പണിഞ്ഞിട്ട് എന്ത് എടുക്കാനാ?"

'ശിൽപം പണിഞ്ഞിട്ട് എന്ത് എടുക്കാനാണെന്ന് അറിയില്ലേ ?

"ഇല്ല".

"മണ്ടൂസുകളെ, ഈ വലിയകോഴിയുടെ ശിൽപം പണിഞ്ഞുകഴിഞ്ഞാൽ പരുന്തുകൾ വലിയ കോഴിയാണെന്ന്

പറഞ്ഞ് കോഴിയെ പിടിച്ച് കടിക്കുമ്പോൾ പരുന്തുകളുടെ പല്ലുകൾ പോകില്ലേ."

നാട്ടുകാരെല്ലാവരുംകൂടിച്ചേർന്ന് ഒരു വലിയ കോഴിയുടെ ശിൽപം നിർമ്മിച്ചു.

പരുന്തുകൾ വന്നു കൊത്തുകയും പല്ലുകൾ പോകുകയും ചെയ്തു.......

" നമ്മൾ എന്തേലും കാര്യം ഉണ്ടെങ്കിൽ ആലോചിച്ച് തീരുമാനം എടുത്തതിനു ശേഷം മാത്രമേ ആ കാര്യം ചെയ്യാവൂ. അല്ലെങ്കിൽ നമ്മൾ അപകടത്തിൽ മാത്രമേഎത്തിച്ചേരൂ."




*HARSHA.H*

# അമ്മ എന്ന ദൈവം



അശ്വിൻ (VB)

ഒരിടത്ത് ഒരു കൊച്ചു വീട്ടിൽ ഒരു അമ്മയും മകനുമുണ്ടായിരുന്നു.ആ അമ്മയുടെ ഒരു കണ്ണിന് കാഴ്ചയില്ലായിരുന്നു. മകൻ അമ്മയോട് ഒരിക്കലും സ്കൂളിലേക്ക് വരരുതെന്ന് പറഞ്ഞിരുന്നു. അമ്മയുടെ ഒരു കണ്ണിന് കാഴചയില്ലന്ന് അറിഞ്ഞാൽ കുട്ടികൾ തന്നെ കളിയാക്കുമെന്ന് കരുതി . ഒരു ദിവസം അമ്മ സ്കൂളിൽ വന്നു അമ്മയുടെ ഒരു കണ്ണിന്കാഴ്ച്ചയയില്ല എന്ന് കുട്ടികൾ മനസ്സിലാക്കി അവർ അവനെ കുറെ കളിയാക്കി. അവൻ സ്കൂളിൽ നിന്നപ്പോൾ അമ്മയോട് കുറെ ദേഷ്യപ്പെട്ടു കുത്തുവാക്കുകൾ പറയുകയും ചെയ്തു.അമ്മ ഇത് കേട്ട് വളരെ വിഷമത്തിലായി. അടുത്ത ദിവസം അവനെ ഒരു കുട്ടി വളരെ ഏറെ കളിയാക്കി .ഇതു കേട്ട അവൻ ആ കുട്ടിയെ കല്ല് എറിഞ്ഞ് തല പൊട്ടിച്ചു .പേടിച്ചു പോയ അവൻ അവിടെ നിന്ന് ഓടി പോയി . അവൻ അങ്ങനെ ചെന്നൈയിൽ പോയി. ഒരു പണക്കാരനായി ഒരുദിവസം അവൻ തൻെറ നാട്ടിൽ തിരിച്ചെത്തി. അവൻ അമ്മയെ കാണാൻ വേണ്ടി തൻെറ പഴയ വീട്ടിലേക്ക് പോയി,





**അപ്പോൾ അവൻ വെറൊരു സ്ത്രീയെയാണ് അവിടെ കണ്ടത്. തന്റെ അമ്മ എവിടെയെന്ന് അവൻ ചോദിച്ചു. അപ്പോൾ അവന്റെ അമ്മ മരിച്ചുപോയിയെന്ന് അറിഞ്ഞു. തന്റെ അമ്മ അവനുവേണ്ടി ഒരു കത്ത് എഴുതിയിരുന്നു. ആ സ്ത്രീ അവന് അത് കൊടുത്തു. അവന്റെ അമ്മ അതിൽ എഴുതിയിരുന്നത് ഒരു കഥയായിരുന്നു.**

**മോനെ നമ്മൾ പണ്ട് പണക്കരായിരുന്നു. ഒരു ദിവസം നിന്റെ അച്ഛൻ അപകടത്തിൽ മരിച്ചു. പിന്നെ നമ്മുടെ എല്ലാ സ്വത്തും ഇല്ലാതായി. അങ്ങനെ ഒരു ദിവസം മോൻ കുഞ്ഞിലെ കളിച്ചുകൊണ്ടിരുന്നപ്പോൾ എന്തോ കൊണ്ട് മോന്റെ ഒരു കണ്ണിന് കാഴ്ച ഇല്ലതായി. അങ്ങനെ എന്റെ ഒരു കണ്ണ് മോന് ഞാൻ തന്നു. അങ്ങനെയാണ് എന്റെ ഒരു കണ്ണിന്റെ കാഴ്ച ഇല്ലാതായത്. ഇത് വായിച്ചപ്പോൾ അവന്റെ കണ്ണിൽ കണ്ണനീർ ഒലിച്ചു. ഒരിക്കലും അമ്മയെ തള്ളിപ്പറയരുത് -**


# ബുദ്ധിമാനായ മന്ത്രി



**ASWIN**
V-B

**പണ്ട് പണ്ട് ഉദയപുരം എന്നൊരു രാജ്യം ഉണ്ടായിരുന്നു. ആ രാജ്യത്തിൻെറ രാജാവായിരുന്നു ഉദയവർമ്മ, അദ്ദേഹം വളരെ നല്ലവനായിരുന്നു. ആ നാടിൻെറ മന്ത്രയായിരുന്നു കീർത്തിരാജൻ. രാജാവിൻെറ പ്രിയപ്പെട്ടവനായിരുന്ന മന്ത്രി കീർത്തിരാജൻ വളരെ ബുദ്ധിമാനായിരുന്നു. ഒരു ദിവസം കൊട്ടാരത്തിൽ സഭ നടന്നുകൊണ്ടിരിക്കുമ്പോൾ രാജാവിൻെറ മുഖമുള്ള ഒരാൾ അവിടേക്കു വന്നു. അയാൾ പറഞ്ഞു ഞാൻ ആണ് രാജാവ് എന്ന്.എല്ലാവരും അങ്ങനെ ആരാണ് യഥാർത്ഥ രാജാവെന്ന് അറിയാതെ നിന്നു.**







**പെട്ടെന്ന്  മന്ത്രിക്ക് ഒരാശയമുദിച്ചു. നിങ്ങളിൽ യഥാർത്ഥ രാജാവിനെ കണ്ടുപിടിച്ചാൽ നിങ്ങൾ എനിക്ക് എന്ത് തരുമെന്ന് മന്ത്രി ചോദിച്ചു. ഒരാൾ പറഞ്ഞു നിനക്ക് ഞാൻ നൂറ് സ്വർണ്ണ നാണയങ്ങൾ തരാമെന്നും മറ്റൊരാൾ പരഞ്ഞു നിനക്ക് ഞാൻ ഖജനാവിലെ മൊത്തം പണവും സ്വർണ്ണവും തരാമെന്ന്. അപ്പോൾ മന്ത്രി പറഞ്ഞു നൂറ് സ്വർണ്ണനാണയങ്ങൾ തരാം എന്നുപറഞ്ഞ ആളാണ് യഥാർത്ഥ രാജാവ് എന്ന്. ഒരു രാജാവും തൻെറ ഖജനാവിലെ മുഴവൻ പണവും ആർക്കും കൊടുക്കില്ല എന്ന് മന്ത്രി പറഞ്ഞു. ഈ പ്രശ്ലത്തിന് പരിഹാരം കണ്ടുപിടിച്ച മന്ത്രിക്ക് നിരവധി സമ്മാനങ്ങൾ നൽകി. ഈകഥയിൽനിന്ന് നമുക്ക് മനസ്സിലാക്കാം കള്ളം ഒരിക്കലും ജയിക്കില്ല സത്യമേ ജയിക്കൂ....**

# മുയൽ പഠിച്ച പാഠം



ഉദിത പ്രദീപ്
(VE)

ഒരിടത്തൊരിടത്തൊരു സൂര്യ എന്നപേരുള്ള പെൺകുട്ടി ഉണ്ടായിരുന്നു. അവൾ ഒരു ഗ്രാമത്തിൽ ആണ് വസിച്ചിരുന്നത്. ഒരിക്കൽ അവൾ അവളുടെ ഗ്രാമത്തിൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അവൾ ഒരു മുയലിൻെറകരച്ചിൽ കേട്ടു.

അവൾ ആ മുയലിനോട് ചോദിച്ചു എന്തിനാണ് നീ കരയുന്നത്? അപ്പോൾ ആ മുയൽ പറഞ്ഞു ഞാൻ എൻെറ കൂട്ടുകാരുടെ കൂടെ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു, അപ്പോൾ ഒരു ചീത്ത സ്വഭാവമുള്ള മുയൽ വന്നു എൻെറ കൂട്ടുകാരോട് പറഞ്ഞു നിങ്ങൾ

ഈ മുയലിൻെറ കൂടെ കളിക്കരുത് അവൻ ഒരു ചീത്ത മുയലാണ്. അവൻ എല്ലാം കള്ളമേ പറയൂ. അവൻ വിചാരിക്കുന്നത് നമ്മൾ വിഡ്ഢികളാണെന്നാണ്. അതുകൊണ്ട് നിങ്ങൾ എൻെറ കൂടെ കളിക്ക്. അവർ എല്ലാവരും അവൻെറ കൂടെ പോയി. സൂര്യ പറഞ്ഞു നമുക്ക് ഒരുമിച്ച് കളിക്കാം മുയൽ പറഞ്ഞു ശരി ശരി. സൂര്യ പറഞ്ഞു നാളെ നമുക്ക് അവനൊരു പണി കൊടുക്കാം. പിറ്റേ ദിവസം രാവിലെ ആ മുയൽക്കൂട്ടം

കളിക്കാനിറങ്ങിയപ്പോൾ  അവളും മുയലും കൂടി കളിക്കാനിറങ്ങി . സൂര്യ അവളുടെ കൂട്ടുകാരനായ ഒരു കുറുക്കനെ വിളിച്ചു എന്നിട്ടു  അവൾ ഒരു ബുദ്ധി പറഞ്ഞുകൊടുത്തു. കുറുക്കൻ ആ മുയൽക്കൂട്ടം ലക്ഷ്യമാക്കി ഓടി.
കുറുക്കൻവരുന്നത്
കണ്ട്മുയലെല്ലാം ഓടി. അവസാനം കുറുക്കൻ ചീത്ത മുയലിനെ പിടിച്ച് സൂര്യക്ക് കൊടുത്തു. സൂര്യ ഒരു വടിയെടുത്ത് ചീത്തമുയലിനെ ഒത്തിരി അടി കൊടുത്തു. അത്
കണ്ട് മുയൽക്കുട്ടന് സന്തോഷമായി.

ഗുണപാഠം

"നമ്മൾ ഒരിക്കലും ഒരാളെയും ഒറ്റപ്പെടുത്തരുത്. അവരോട് ചീത്തകാര്യങ്ങൾ പറയരുത് "



# കുന്നിക്കുരുവും മഞ്ചാടിയും



-Devika Baiju

കുന്നിക്കുരുവും മഞ്ചാടിയും കൂട്ടുകാരായിരുന്നു. ഒരു ദിവസം അവർ രണ്ട് പേരും കൂടി ഉത്സവം കാണാൻ പോയി. വഴിയിൽവച്ച് അവർകടലയമ്മാവനെ കണ്ടു.രണ്ടുപേരുംകൂടി എങ്ങോട്ടാ? കടലയമ്മാവൻ ചോദിച്ചു. ഞങ്ങൾ ഉത്സവം കാണാൻ പോകുകയാണ്. അവർ ഒന്നിച്ചു പറഞ്ഞു. കുന്നിക്കുരു നിൻെറ കറുത്ത പൊട്ട് നന്നായിട്ടുണ്ട് എന്തൊരു ഭംഗി! അത് കേട്ടപ്പോൾ കുന്നിക്കുരുവിന് സന്തോഷമായി. ഉത്സവം കാണാൻ വന്ന കിഴങ്ങമ്മായിയും ഗോതമ്പ് ചേട്ടനും ഒക്കെ കുന്നിക്കുരുവിൻെറ കറുത്ത പൊട്ടിനെ കുറിച്ച് പറഞ്ഞു.പാവം മഞ്ചാടിക്ക്

സങ്കടമായി അവൾ ഓടിച്ചെന്ന് വളക്കച്ചവടക്കാരൻ അപ്പുഅണ്ണാനെ കണ്ടു. അപ്പുച്ചേട്ടാ.....എനിക്ക് ഒരു കറുത്ത പൊട്ട് തരാമോ? അപ്പുഅണ്ണാൻ മഞ്ചാടിക്കൊരു കറുത്ത പൊട്ട് കൊടുത്തു.അവൾ അത് തൊട്ടുകൊണ്ട് ചെന്നു. കടലയമ്മാവാ കടലയമ്മാവാ എൻെറ കറുത്ത പൊട്ട് കണ്ടോ? “അയ്യോ ഒരു രസവും ഇല്ല".

കടലയമ്മാവൻ പറഞ്ഞു മഞ്ചാടിക്കുരു സങ്കടത്തോടെ കിഴങ്ങമ്മായിയോടു ഗോതമ്പുചേട്ടനോടും ഒക്കെ ചോദിച്ചു. അവരും കറുത്തപൊട്ട് കാണാൻ ഭംഗിയില്ല എന്ന് പറഞ്ഞു. അത് കേട്ടപ്പോൾ മഞ്ചാടി പൊട്ടിക്കരഞ്ഞുപോയി. അവളുടെ സങ്കടം കണ്ട്കുന്നിക്കുരുവിനും കരച്ചിൽ വന്നു. അവൾ പറഞ്ഞു കറുത്ത പൊട്ട് ഇല്ലെങ്കിലും  എന്നെക്കാളും സുന്ദരി നീ തന്നെയാ. നിന്നെപ്പോലെ ചുവന്നതുടുത്തവരായി ആരെങ്കിലും ഉണ്ടോ? അവൾ മഞ്ചാടിയുടെ പൊട്ട് മായിച്ചുകളഞ്ഞു മഞ്ചാടിക്ക് സന്തോഷമായി.നീയാണെൻെറ നല്ല കൂട്ടുകാരി. മഞ്ചാടി സന്തോഷത്തോടെ കുന്നിക്കുരുവിനൊപ്പം ഉത്സവം കണ്ടുനിന്നു.





# തത്തയും പൂച്ചയും

Shallet K Mathew
V-B

പണ്ട് പണ്ട് ഇല്ലിമുളം കാട്ടിൽ ഒരു തത്ത താമസിച്ചിരുന്നു. ഒരു ദിവസം പതിവുപോലെ അവൾ കുഞ്ഞുങ്ങളെ വീട്ടിൽ തനിച്ചാക്കി തീറ്റ തേടാൻ പോയി,അങ്ങനെ അവൾ കാടിനടുത്തുള്ള ഒരു നാട്ടിൻപുറത്തെ വീട്ടിൽ എത്തി. അതും ആ വീടിൻെറ അടുക്കള ഭാഗത്താണ് ആ തത്ത എത്തിയത്. അവിടെ ഒരു പാത്രത്തിൽവച്ച പാൽ തത്ത കാണാൻ ഇടയായി. അങ്ങനെ പറഞ്ഞുകൊണ്ട് വേഗം ഈ തത്ത പാൽ കുടിക്കാൻ തുടങ്ങി. അങ്ങനെ തത്ത പാൽ കുടിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ഒരു പൂച്ചയെ കണ്ടു. പൂച്ച അതിൻെറ പാൽ കുടിക്കുന്നത് കണ്ടു കൊണ്ട്പറഞ്ഞു നീ എൻെറ പാൽ കുടിക്കുമല്ലേ? നിന്നെ ഞാൻ ഇപ്പോൾഅകത്താക്കുംഎന്ന് പൂച്ച പറഞ്ഞു. തത്ത പേടിച്ച് വിറച്ചു.   അവൾ  അയ്യോ പൂച്ച എന്ന് പറഞ്ഞു. പിന്നെ അവൾ വേഗന്ന് അവിടെനിന്ന് പറന്നുപോയി അങ്ങനെ പൂച്ച പറഞ്ഞു നീ രക്ഷപെട്ടു അല്ലേ. നിന്നെ ഞാൻ എടുത്തുകൊള്ളാം.  അങ്ങനെ പെട്ടെന്ന് പൂച്ച അതിൻെറ പാൽ കുടിക്കാൻ തുടങ്ങി അപ്പോൾ പൂച്ച പറഞ്ഞു ഈ പാലിൻെറ കൂടെ ആതത്തയും കൂടി ഉണ്ടായിരുന്നെങ്കിൽ കുശാലായേനെ. എങ്ങനെയെങ്കിലും അതിനെ പിടിച്ച് അകത്താക്കണമെന്ന് പൂച്ച പറഞ്ഞു. അങ്ങനെ ഈ പൂച്ച തത്ത താമസിക്കുന്ന സ്ഥലം കണ്ടു പിടിക്കാൻ തുടങ്ങി. അങ്ങനെ രണ്ടുമൂന്ന് ദിവസം കൊണ്ട് അവൻ തത്തയുടെ കൂട് കണ്ടെത്തി. അവൻ അങ്ങനെ ആ മരത്തിൻെറ ചുവട്ടിലെത്തി. പുറത്ത് ഇറങ്ങിയപ്പോൾ തത്ത അവനെ കണ്ട് അയ്യോ പൂച്ച

എന്ന് പറഞ്ഞു. ആ.... കണ്ടുപിടിച്ചു. അതാ അവൾ അവിടെ ഇരിക്കുന്നുണ്ട്. നിന്നെ ഞാൻ ഇപ്പോൾ അകത്താക്കും. നീ എന്നെ കൊതിപ്പിക്കാൻ തുടങ്ങിയിട്ട് കുറെ കൊല്ലമായി.നീ താഴോട്ട് വരുന്നോ അതോ ഞാൻ



മുകളിലോട്ട് വരണോ ?  തത്ത പറഞ്ഞു അയ്യോ പൂച്ചച്ചേട്ടാ എന്നെ വെറുതെ വിടണം  ഞാൻ പാവമാണ്. ഞാൻ സമാധാനത്തോടെജീവിച്ചോട്ടേ. എൻെറ കുഞ്ഞുങ്ങളെ ഒന്നും ചെയ്യരുത്.  പൂച്ച പൊട്ടിച്ചിരിച്ചുഅപ്പോൾ നല്ലതായി ഞാൻ മുകളിലോട്ട് തന്നെ വരാം. ഇത്രയും പറഞ്ഞതിനുശേഷംപൂച്ച മരപ്പൊത്ത് ലക്ഷ്യമാക്കി മുകളിലേക്ക് മെല്ലെ കയറാൻ തുടങ്ങി. അമ്മത്തത്ത പേടിച്ച് കരയാൻ തുടങ്ങി. ഉടനെ അവൻെറ കാൽ ഒരു വള്ളിയിൽ തട്ടി. ആ വള്ളിയിൽ കൂട് കൂട്ടിയ തേനീച്ചകളെല്ലാം  ആ പൂച്ചയെ വളഞ്ഞ് ആക്രമിക്കാൻ തുടങ്ങി. അങ്ങനെ കുറച്ചു കഴിഞ്ഞപ്പോൾ പൂച്ച മരത്തിനിന്ന് പിടി വിട്ടു താഴോട്ട് പതിച്ചു. പിന്നീട് ആ പൂച്ചയുടെ ശല്യം ഉണ്ടായിട്ടേ ഇല്ല. ഇതിൽനിന്ന് നമുക്ക് പഠിക്കാനുള്ള     ഗുണപാഠം

"ആരെയും വെറുതെ ഉപദ്രവിക്കരുത്. അത്യഗ്രഹം ആപത്താണ്."

**************************************************

# The Naughty Bear

BEEBU BEAR was  very naughty .One day Beebu Bear went to the seashore with a fishing rod ‘it is such fun to catch fish ! Said Beebu bear hearing this Crippu crab said “oh no please don’t catch my friends”. But Beebu Bear put the fishing line into water and waited for some time After a while the fishing line began to shake, “W0W! I've got a big fish. it’s very heavy” Beebu bear said happily . Beebu bear pulled and pulled the fishing line . Finally a big SHARK popped out of the sea . The frightened Beebu bear dropped the fishing rod and ran back to the forest .Seeing this Crippu crab crab smiled in relief.






BY ,GOKUL.S
1X C

# Dead man walking

The next morning the doctor came to treat some of the pirates,who had fever. Silver allowed me to talk to him in private. He told the doctor how he had saved my life and asked him to keep it in mind. Though the doctor was angry with me at first he forgave me. I told him all that had happened and where I had anchored the Hispaniola. Then the doctor left asking Silver to taking good care of me. Silver then told the pirates that the ship was safe and that they could leave the island once they had found the treasure. Soon we set out to find treasure , following the



instructions on the chart. We had to ascend a slope towards the plateau. As we approached the brow of the plateau,one of the pirates shouted in terror. We ran towards him and found a human skeleton entangled in a

creeper. Silver exclaimed “look the body is pointing in the direction of skeleton island! This is Flint’s doing no doubt”. The pirate seemed afraid. It was as if they sensed that spirit of the dead. Flint walked among them.

-Anna Lizza Reji VIII



## A P J ABDUL KA LAM



Dr. Avul Pakir Jainulabdeen Abdul Kalam was born on 15th October 1931 in Rameshwaram, Tamil Nadu. Dr. APJ Abdul Kalam was the 11th President of India and served the nation for one term from 2002 to 2007. His life is a great motivation for several people especially for young students. He is the ‘Missile man of India’and a dreamer. One of his best remembered quote of is “Dream is not that which you see while sleeping it is something that does not let you sleep”. He was also a scientist, thinker, writer and motivational

speaker. He respected his teachers and relation between them is very strong. His teachers influenced Abdul Kalam's thought very much. It was his teachers who taught him that .“To succeed in life and achieve results” He received many awards  like Bharatratna, Padmabhushan, Padmavibhushan etc. He was a scientist in ISRO( Indian Space Research Organisation). He died on 27th July 2015 in Shillong.



sree saran s   7D

# തിരക്കഥ

# സ്നേഹത്തിന്റെ മുഖങ്ങൾ



SREEPATHI. P
IX-F

## സീൻ-1

**അപ്പുവിന്റെ വീട്**

അമ്മ : ദാ മോളെ ഭക്ഷണം.

അപ്പൂസ് : ഞാൻ നിന്നെ ബസ് സ്റ്റോപ്പ് വരെ കൊണ്ടാക്കാം.

അമ്മ : വേണ്ട.ഞാൻ തനിയെ പൊക്കോളാം.

അമ്മയോട് യാത്ര പറഞ്ഞ് അപ്പൂസ് ഇറങ്ങി

## സീൻ-2

**സ്കൂൾ**

അമ്മു : അപ്പൂസ് എന്നും തനിയെ ആണല്ലോ ബസ് സ്റ്റോപ്പിൽ വരുന്നത്.
നിന്നെ എന്താ ആരും കൊണ്ടാക്കാത്തത്?

അപ്പൂസ് : അത്... അത്...

സ്കൂൾ ബെൽ മുഴങ്ങുന്നു, എല്ലാവരും അവരവരുടെ സീറ്റിൽ പോയി ഇരിക്കുന്നു

## സിൻ -3

**ക്ലാസ്**

അമ്മു : അപ്പൂസേ ഞങ്ങൾ എല്ലാവരും ഈ ശനിയാഴ്ച നിന്റെ വീട്ടിൽ വരട്ടെ ? നമുക്ക് ഒരുമിച്ച് കളിക്കാം

അപ്പൂസ് : അയ്യോ , വേണ്ട വേണ്ട !

അമ്മു : അതെന്താ ?

അപ്പൂസ് : അത്...ആ..ഞങ്ങൾ അന്ന് വീട്ടിൽ കാണില്ല. ഒരിടം വരെ പോവാനുണ്ട്.

അമ്മു തലയാട്ടി. ഇങ്ങനെ പലപ്പൊഴും അപ്പൂസ് അമ്മ ബസ് സ്റ്റോപ്പിൽ വരുന്നതും, തന്റെ കൂട്ടുകാർ വീട്ടിൽ വരുന്നതും തടഞ്ഞു. ഇതിനു കാരണം അപ്പൂസിന്റെ അമ്മയുടെ മുഖമാകെ പൊള്ളൽ ഏറ്റതിന്റെ പാടുകൾ ആയിരുന്നു. തന്റെ അമ്മയെ കാണാൻ കൊള്ളില്ല എന്ന് പറഞ്ഞ് കൂട്ടുകാർ കളിയാക്കും എന്നോർത്താണ് അപ്പൂസ് ഇങ്ങനെയൊക്കെ ചെയ്യുന്നത്.

## സീൻ-4

**ബസ് സ്റ്റോപ്പ്**

അപ്പൂസ് ബസ്സിൽ ഇരുന്നയിടത്തു നിന്ന് എഴുന്നേറ്റ് ബസ്സിന്റെ വാതിലിനരികിലേക്ക് പോകുന്നു. പെട്ടെന്ന് അവൾ എന്തോ കണ്ട് ഞെട്ടുന്നു. ബസ് സ്റ്റോപ്പിൽ തന്നെ കാത്ത് തന്റെ അമ്മ നിൽക്കുന്നു. അവൾ ബസ്സിൽ നിന്ന് ഇറങ്ങുന്നു. കൂട്ടുകാർ ശ്രദ്ധിക്കുന്നുണ്ടോ എന്ന് നോക്കുന്നു. ബസ് പോയി എന്ന് ഉറപ്പുവരുത്തിയശേഷം അവൾ അമ്മയോട്,

അപ്പൂസ് : ഞാൻ അമ്മയോട് പറഞ്ഞതല്ലേ ഞാൻ തനിയേ വന്നുകൊള്ളാം എന്ന്. അമ്മ എന്തിനാ ഇപ്പോൾ ഇങ്ങോട്ട് വന്നത്.



അമ്മ വിഷമത്തോടെ അവളുടെ ബാഗെടുത്ത് വീട്ടിലേക്ക് നടക്കുന്നു.

## സീൻ-5

**അപ്പൂസിന്റെ മുറി**

വിഷമത്തോടെ  ദേഷ്യത്തോടെ അപ്പൂസ് മുറിയിലിരുന്നു . അവിടേക്ക് അപ്പൂസിന്റെ അച്ഛൻ നടന്ന് വരുന്നു അപ്പൂസിന്റെ അടുത്ത് ഇരിക്കുന്നു.

അച്ഛൻ : നീ എന്തിനാ അമ്മയേ ഇങ്ങനെ ഒഴിവാക്കുന്നത്.

അപ്പൂസ് : അത് അമ്മ ഇങ്ങനെ സൗന്ദര്യമില്ലാത്ത മുഖത്തോടെ എന്നെ കൊണ്ടാക്കാനും വിളിക്കാനും ഒക്കെ വരുമ്പോൾ എന്റെ കൂട്ടുകാർ എന്നെ കളിയാക്കും. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ ദേഷ്യപ്പെട്ടത്.

അച്ഛൻ : ആരുപറഞ്ഞു നിന്റെ അമ്മയ്ക്ക് സൗന്ദര്യമില്ലാ എന്ന്. ആപൊള്ളലിന്റെ പാടുകൾ അമ്മ അഭിമാനത്തോടെ കൊണ്ട് നടക്കുന്നതാണ് . ആപാടുകൾ എങ്ങനെയാണ് വന്നത് എന്ന് നിനക്കറിയാമോ?

അപ്പൂസ് : ഇല്ല. എങ്ങനെയാ....?

അച്ഛൻ : നീ പണ്ട് കുഞ്ഞായിരുന്നപ്പോൾ, അതായത് ഒരു വയസ്സ് ആകുന്നതിനുമുൻപ്, നമ്മൾ താമസിച്ചിരുന്ന വീടിന് തീ പിടിച്ചു. നിന്നെ മുകളിലത്തെ മുറിയിൽ ഉറക്കികിടത്തിയിട്ട് താഴെ അടുക്കളയിൽ ജോലി ചെയ്തുകൊണ്ടിരുന്നപ്പോഴാണ് തീ പിടിച്ചത്. നിന്നെ രക്ഷിക്കുവാനായി ആ തീയിലൂടെ ഓടിയാണ് നന്റെ അമ്മയുടെ മുഖത്ത് ആ പാടുകൾ വന്നത്. അത്രയും വേദന സഹിച്ച് നിന്നെ രക്ഷിച്ചിട്ടും നീ അവഗണിക്കുന്നത് അമ്മയേ എത്ര മാത്രം വേദനിപ്പിക്കും. നീ അമ്മയോട് മാപ്പ് പറയണം .

(അപ്പൂസിന്റെ കണ്ണുകൾ നിറഞ്ഞു )അവൾ അമ്മയേട് മാപ്പ് പറഞ്ഞു. പിന്നീട് എല്ലായിടത്തും അമ്മയെ കൂടെക്കൂട്ടാൻ തുടങ്ങി.

# കടങ്കഥകൾ

* ആകാശത്തുണ്ട് താഴെയില്ല രാത്രിയിലുണ്ട് രാവിലെയില്ല

  - ചന്ദ്രൻ

* കാട്ടിൽ കിടന്നവൻ കൂട്ടായി വന്നു

  – വടി

* കൊമ്പൻകാള ഇഴഞ്ഞുവരുന്നു പിടിക്കാൻചെന്നപ്പോൾ തലയില്ല

  – ഒച്ച്

* ഓട്ടം കുതിര ചാട്ടം കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര

  – ചെരുപ്പ്

* ഉടുതുണിയില്ലാത്തവൻ കുട ചൂടി നിൽക്കുന്നു

  – കൂൺ.

# QUOTES

"Remember that no matter how
cool you think you may be,
you're not cool enough to look
clown on anyone...ever''

by,

Paul Walker


"I learned that courage alas not
the absence of fear, but the
triumph over it. The brave man is
not be who does not feel afraid,
but he who conquers that
fear"

by,

Nelson Mandela

"Our lives begin to end the day
we become silent about
things that matter" by

Martin Luther king





"It's not the years in your life that count it's the life in your year"

by

Abraham Lincoln

"However difficult life may seem, there is always something you can do and succeed at"

by

Stephen Hawking

"Every One thinks of changing the world, but no one thinks of changing himself"

by

Lev Tolstoy

Hiba Shaji

X F



# ചിത്രങ്ങൾ

VAISHNAVI

7D




VIJAYA LEKSHMI

6C





**JITHU MURALLIDARAN**
**7D**



IRFAN ISMAIL, 9C



IRFAN ISMAIL, 9C



# PENCIL DRAWING





## *frames*



Maths club inaguration and maths fair
65 MILLION COPIES SOLD
ENGLISH BOOK REVIEW
WINGS OF FIRE
THE ALCHEMIST
ആടുജീവിതം
Paulo Coelho

*frames*



## സയൻസ് ക്ലബ്- LED നിർമ്മാണം




## മാതൃശാക്തീകരണ പദ്ധതി



# Old Generation Verses New Generation

*Today in our society, there is a debate regarding on who is the better generation? Is it the old generation who are born from 80's and below or the new generation who are born from 90's and up to now? What are the traits of the New Generation?*

*Nowadays, most of the teenagers are impulsive, meaning they don't think before they act or they act without thought. This issue is proven in many psychological studies and survey regarding on how the teenagers nowadays thinks or react regarding to certain actions or problems. The teenagers today are more liberated than the teenagers of the old generation. The technology today influences the behaviour of the young ones and the teenagers of the generation. Based on the studies, one of the factors that affect the behaviour of the young ones and the teens of this generation is the social media. Social media refers to the interaction among people in which they create,*

*share or exchange information and ideas in virtual communities and networks. The examples of social media are the social networking site [Facebook, Twitter, Instagram, etc.] TV programmes, movies etc.,all of these affect the behaviour of the teenagers.*


*Also the behaviour of the parents towards their siblings or children also affects the behaviour of the teens. Nowadays, most of the parents are not that so strict to their children, if their sons or daughter commit mistakes, they just simply talk to them unlike in the old generation where in corporal punishments are made when the children or teenagers think before doing something because they were afraid of committing mistakes unlike the teenagers today where they act as if they know everything and they are so impulsive the impulsiveness of the teenagers nowadays made them worst compared to the teenagers of the Old Generations. Today a lot of crimes such as rape, robbery, murder etc because of the modernizations that are happening, the behaviour of the people changes, not only the behaviour of the youth of the now*

*generation but also the behaviour of the adults or those were born in the old generation. The old generation*

*must guide the youth of the new generation towards becoming a good person. Teenagers made about 15% more errors than adults and because of this the adults must serve as a guide for the new generation of the teens. If the adults influences them in a good way, then the teenagers of this new generation will become a better person but if the old generations or the adults influence them in a wrong way, then the future of mankind will be worst*



ARCHANA V
IX C





# യാത്രാനുഭവം

ലിറ്റിൽകൈറ്റ്സിന്റെ  ഇൻഡസ്ട്രിയൽ വിസിറ്റിന്റെ ഭാഗമായി ഞങ്ങൾ ചവറയിലുള്ള ഐ.ആർ.ഇ.എൽ സന്ദർശിച്ചു. 11-1-2020 ശനിയാഴ്ച്ച രാവിലെ 7:00 ന് ഞങ്ങൾ യാത്ര തിരിച്ചു. കുട്ടികളും മൂന്ന് ടീച്ചർമാരും അടങ്ങുന്നതായിരുന്നു സംഘം. ചവറയിലെ കരിമണൽ വ്യവസായിക കേന്ദ്രം  സന്ദർശിക്കാൻ എല്ലാവരുടെയും മനസ്സിൽ ഒരെ ആഹ്ലാദമാണ് അലതല്ലിയിരുന്നത്.അവിടെ കാണാൻ കഴിഞ്ഞകാഴ്ചകൾ ഞങ്ങളുടെ

കരുതലുകൾക്ക്തികച്ചും എതിരായിരുന്നു. പ്രവേശന കവാടം കടന്ന ഞങ്ങൾ കണ്ടത് ഇരുവശത്തും പുഷ്പങ്ങളാൽ നിറഞ്ഞ

ഒരു നീണ്ട പാതയായിരുന്നു . ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ അവർ ഞങ്ങളെ ഒരു കോൺഫ്രൻസ് ഹാളിലേക്ക് കുട്ടികളെ കൊണ്ടു പോയി.അവിടെ അനന്തപത്മനാഭൻ സർ ഞങ്ങൾക്കായി

ഐ.ആർ.ഇ.എൽ എന്തെന്ന് വിശദീകരിച്ചു.ശേഷം ചലനമുള്ളവയിൽ സ്പർശിക്കില്ല എന്ന വ്യവസ്ഥയിൽ മെഷ്നറിസൈറ്റ് സന്ദർശിക്കാൻ നിരനിരയായി യാത്രയായി. ഒരോ മെഷ്നറിയും ഉപയോഗവും ഇബ്രാഹിം കുട്ടി  സർ വ്യക്തമാക്കി തന്നു . അവിടെ നിന്നും മടങ്ങിയുള്ള യാത്ര സന്തോഷകരമായിരുന്നു.പല നിറത്തിലും ഗുണത്തിലുമുള്ള മണ്ണുകൾ പരിചയപ്പെടാൻ സാധിച്ചു. ഭൂമിയിലെ ഏതൊരു ആധുനിക സാധനവും ഉത്ഭവിക്കുന്നത് മണ്ണിൽ നിന്നാണ് എന്ന സത്യം മനസ്സിലാക്കാൻ സാധിച്ചു. ഏതാണ്ട് 12:30-യോടെ ഞങ്ങൾ അവിടെ നിന്നും മടങ്ങി.ഇത്തരത്തിലുള്ള സന്ദർ ശനങ്ങൾ തീർച്ചയായും ഞങ്ങളുടെ വിദ്യാലയ ജീവിതത്തിന് ഒരു മുതൽക്കൂട്ട് തന്നെയാണ്.



സുപ്രിയ. എസ്

X-F

# INDUSTRIAL VISIT




## Little kites unit

*frames*



frames



Little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
നമ്പർ: LK/2018/38032
റിപ്പബ്ലിക്കൻ വൊക്കേഷണൽ
ഹയർ സെക്കന്ററി സ്കൂൾ
കോന്നി, പത്തനംതിട്ട
ഫോൺ: 0468-2242104

# നന്ദി

കുട്ടി മനസ്സുകളുടെ ഓരോ ഫ്രെയിമും
ജീവിതത്തിന്റെ,നിറങ്ങളുടെ,സന്തോഷത്തിന്റെ,ഓരോ
മുഖങ്ങളാണ. നിറക്കൂട്ടുകൾക്കായി വർണ്ണം ചാലിച്ച ഓരോ
കൂട്ടുകാർക്കും ഞങ്ങളുടെ ഫ്രെയിമിനെ ഏറ്റെടുത്ത നിങ്ങൾ
ഓരോരുത്തർക്കും ഞങ്ങളുടെ ഹൃദയത്തിന്റെ ഭാഷയിലുള്ള

**നന്ദി ...... നന്ദി ...... നന്ദി .....**

